ശ്രീ. വി. ശ്രീധരൻ: ജന്മിക്കരം അവസാനിപ്പിക്കുന്നില്ലെന്നു പറഞ്ഞു, അതുകൊണ്ട് കൃഷിക്കാർക്ക് നികുതിഭാരം കൂടുതൽ ആണെന്നു് അറിയാമോ?

ശ്രീ എ. ജെ. ജാൺ: ഈ കാര്യം നിയമസഭയിൽ വാദപ്രതിവാദം ചെയ്തിട്ടുള്ളതാണു്.

ശ്രീ. വി. ശ്രീധരൻ: ജന്മിക്കരം അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ സ്വീകരിക്കുന്നതു് കൃഷിക്കാർക്ക് ഗുണപ്രദമല്ലേ?

ശ്രീ. എ. ജെ ജാൺ: കാണം ടെനൻസി ബിൽ കൊച്ചിയിൽ കൂടി വ്യാപിപ്പിച്ചതിനുശേഷം മദ്ധ്യവർത്തികളെ ഒഴിവാക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറ് ആലോചിക്കുന്നു എന്നു് പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: മുൻ കാൺഗ്രസ്സു് മന്ത്രിസഭയിൽ റവന്യൂ മന്ത്രിയായിരുന്ന ശ്രീ. ചിദംബരനാഥനാടാർ ഈ രാജ്യത്തു് ജന്മിക്കരം വഴിയിൽ ആകെ 28 ലക്ഷം രൂപ പിരിക്കുന്നുണ്ടെന്നു് മറുപടി പറഞ്ഞതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. പ. കെ. ചാത്തൻ: ജന്മിക്കരം പിരിച്ചെടുക്കുന്നതിനു് ചെലവാക്കുന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പിരിച്ചെടുക്കുവാൻ നടപടി എടുക്കാമോ?

ശ്രീ. എ. ജെ. ജാൺ: അതു് കാണം ടെനൻസി ബിൽ വാദപ്രതിവാദസമയത്തു് പ്രതിപാദിച്ചിട്ടുണ്ടു്.

മി. സ്പീക്കർ: ചോദ്യം 6.

ശ്രീ. ആർ. സുഗതൻ: ഞാൻ തന്നിരുന്ന ചോദ്യത്തിന്റെ തലക്കെട്ടും, ഇപ്പോൾ അച്ചടിച്ചിട്ട ചോദ്യത്തിന്റെ തലക്കെട്ടും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു് ചോദ്യം 6 ചോദിക്കുന്നില്ല. ചോദ്യം ഏഴും ചോദിക്കുന്നില്ല.

മുതലാളിമാരുടെ മേൽ പ്രോസിക്യൂഷൻ.

* 515. [8] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമംവേജസ് ആക്ടിന്റെ പ്രാബല്യത്തിൽ വന്നതിനു ശേഷം ഇന്നേവരെ ഏതെങ്കിലും മുതലാളിയുടെ പേരിൽ മിനിമം വേജസ് ആക്ടിന്റെ 22-ാംവകുപ്പിൻപ്രകാരം നടപടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരുടെ പേരിൽ; ആരുടെയൊക്കെ; അതിൽ എത്ര പേരുടെ മേൽ എടുത്ത നടപടികളും പിൻവലിച്ചു; ആരെ എങ്കിലും ശിക്ഷിച്ചിട്ടുണ്ടോ; ആരെ ഒക്കെ; എന്തു ശിക്ഷ നൽകി;

(ബി) പ്രോസിക്യൂഷൻ നടപടികളും പിൻവലിച്ചിട്ടുണ്ടെങ്കിൽ കാരണമെന്തു്;

(സി) അന്നാട്ടുകാരുടെ മേൽ പ്രോസിക്യൂഷൻ നടപടി എടുക്കുമെന്നു് മന്ത്രി ഉറപ്പുനൽകിയിരുന്നില്ലേ; നടപടി എടുത്തോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജസ് ആക്ടിൽ വന്നതിനുശേഷം അതിന്റെ 22-ാംവകുപ്പിൻപ്രകാരം കാരിമണി തോട്ടത്തിന്റെയും വേറൊരു തോട്ടത്തിന്റെയും പേരിൽ നടപടി എടുത്തിട്ടുണ്ട്. അവരുടെ പേരിൽ എടുത്ത നടപടികൾ പിൻവലിച്ചിട്ടില്ല. മിനിമം വേജസ് ആക്ടിൽ ഉള്ള വ്യവസ്ഥ നടപ്പിലാക്കിട്ടില്ല എന്നാണ് കേസ്. രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് നടക്കുന്നതേയുള്ളൂ. ഇതുവരെയും ആരേയും ശിക്ഷിച്ചിട്ടില്ല.

(ബി) പ്രോസിക്യൂഷൻ നടപടികൾ പിൻവലിച്ചിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അന്യപ്പേരുടെ എസ്റ്റേറ്റിലുള്ള ചില നിയമങ്ങൾ ലംഘിച്ചതു സംബന്ധിച്ച് നടപടി നടത്താമോ എന്നു ചോദിച്ചതിൽ നടത്താമെന്നു് ലേബർ കമ്മീഷണർ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞിട്ടുള്ളതു് ആഫീസ് മാനേജരുടെ പേരിലും ജനറൽ സൂപ്രണ്ടിന്റെ പേരിലും നടപടി നടത്തണമെന്നാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: മാനേജർമാർ കൂടക്കൂടെ മാറുന്നതുകൊണ്ടു് ചിലപ്പോൾ കുറ്റക്കാരല്ലാത്ത സാധുക്കൾക്കും ഉപദ്രവം ഉണ്ടാകുമെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറ്റം കാണിച്ചാൽ അപകടം ഉണ്ടാകുമെന്നു് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ എസ്റ്റേറ്റിന്റെ പങ്കാളിയായ കോൺഗ്രസ്സ് ജനറൽസെക്രട്ടറി രാമകൃഷ്ണപിള്ളയുടെ പേരിൽ നടപടി നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോൺഗ്രസ്സ് ജനറൽസെക്രട്ടറിയായാലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷക്കു വിധേയനാണു്.

ശ്രീ. സി. സി. അയ്യപ്പൻ: മിനിമം വേജസ് കൊടുക്കാത്ത കണ്ടുംകടവിൽ ഇതിനു വേണ്ട നടപടി നടത്താമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമം ലംഘിച്ചാൽ എല്ലാവരുടെ പേരിലും നടപടി നടത്തും.

പഞ്ചായത്തുകളിലെ പബ്ലിക്ക് മാർക്കറ്റുകൾ.

* 516. [11] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പബ്ലിക്കുമാർക്കറ്റ് സ്ഥാപിക്കേണ്ട സ്ഥലത്തെക്കുറിച്ചു് അവസാനമായി തീരുമാനമെടുക്കുമ്പോൾ ഏതേതു പരിഗണനകളാണു് ഗവണ്മെന്റ് സ്വീകരിക്കുന്നതു്?

(ബി) കല്ലറ പഞ്ചായത്തിൽ പോങ്ങുംമൂട് എന്ന സ്ഥലത്തു് ഒരു ചന്ത സ്ഥാപിക്കുന്ന കാര്യത്തിൽ മന്ത്രിക്കു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

LIBRARY ARCHIVES Kerala Legislative Assembly